©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 15<br>Vol. XV | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2026 മാർച്ച് 10<br>10th March 2026<br>1201 കുംഭം 26<br>26th Kumbham 1201<br>1947 ഫാൽഗുനം 19<br>19th Phalguna 1947 | നമ്പർ<br>No. | 1091 |


GOVERNMENT OF KERALA

**Law (Legislation-F) Department**

NOTIFICATION

No. Leg. F1/8/2026/Law.

*Dated, Thiruvananthapuram, 9th March, 2026*
*25th Kumbham, 1201*
*18th Phalguna, 1947.*

The following Act of the Kerala State Legislature is hereby published for general information. The Bill as passed by the Legislative Assembly received the assent of the Governor on the 7th day of March, 2026.

By order of the Governor,

K. G. SANAL KUMAR,
*Law Secretary.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ACT 5 OF 2026

## THE KERALA ADVOCATES' WELFARE FUND (AMENDMENT) ACT, 2026

*An Act further to amend the Kerala Advocates' Welfare Fund Act, 1980.*

*Preamble*.—WHEREAS, it is expedient further to amend the Kerala Advocates' Welfare Fund Act, 1980 for the purposes hereinafter appearing;

BE it enacted in the Seventy-seventh Year of the Republic of India as follows:—

1. *Short title and commencement*.—(1) This Act may be called the Kerala Advocates' Welfare Fund (Amendment) Act, 2026.

(2) It shall come into force at once.

2. *Amendment of section 2*.—In the Kerala Advocates' Welfare Fund Act, 1980 (21 of 1980) (hereinafter referred to as the principal Act), in section 2,—

(i) after clause (e), the following clause shall be inserted, namely:—

"(ea) "e-stamp" means an electronically generated alternative for conventional stamps issued by the Bar Council of Kerala;";

(ii) for clause (j), the following clause shall be substituted, namely:—

"(j) "stamp" means the welfare fund stamp and the advocate stipend stamp printed and distributed under section 22 and includes an e-stamp.".

3. *Amendment of section 4*.—In sub-section (3) of section 4 of the principal Act,—

(i) in clause (c), for the words "a member", the words "two members" shall be substituted;

(ii) for clause (f), the following clause shall be substituted, namely:—

"(f) The Secretary of the Trustee Committee to be appointed by the Government as per section 11.".

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

4. *Amendment of section 10*.—In section 10 of the principal Act, for sub-section (2), the following sub-section shall be substituted, namely:—

"(2) The Trustee Committee shall deposit all moneys and receipts forming part of the fund in any scheduled bank or invest the same in loans to any corporation owned or controlled by the Central Government or the State Government or in loans floated by the Central Government or the State Government or in Central or State Government bonds or in pension and other schemes constituted for advocates, in collaboration with pension schemes provided by nationalized and scheduled banks, Life Insurance Corporation of India or public sector insurance and health and death insurance schemes provided by nationalized or scheduled banks, Life Insurance Corporation of India or public insurance companies or in any other manner as the Bar Council may, from time to time, direct, with the prior approval of the Government.".

5. *Amendment of section 11*.—In section 11 of the principal Act,—

(i) for the marginal heading, the following shall be substituted, namely:—

"*Appointment, powers and duties of Secretary.—*";

(ii) the existing section shall be numbered as sub-section (2) and before the sub-section so numbered the following sub-section shall be inserted as sub-section (1), namely:—

"(1) The Government may appoint an officer of the Law Department, not below the rank of Deputy Secretary to Government, on deputation basis as Secretary of the Trustee Committee.".

6. *Amendment of section 14*.—In the principal Act, in sub-section (1) of section 14, after the word "members", the words "of actual practice" shall be inserted.

7. *Amendment of section 15*.—In section 15 of the principal Act,—

(i) after the second proviso to sub-section (1E), the following sub-section shall be inserted, namely:—

"(1F) An Advocate who is a member of the Fund may apply to the Trustee Committee for counting his previous period of actual practice relevant at the time of his initial admission to the Fund, in such form as may be prescribed, on payment of the annual

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

subscription payable at the rate specified in sub-section (5) corresponding to the period of actual years of practice together with a fine of rupees two thousand for every such years of previous completed year of practice:

Provided that such member shall not be eligible to claim such amount from the Fund on voluntary cessation of practice within a period of ten years from the date of such admission of his previous practice to the Fund:

Provided further that an Advocate who has been allowed to count previous practice under this sub-section shall be eligible to claim only up to ten years of his previous actual practice.";

(ii) in sub-section (3), for the words "five hundred", the words "one thousand" shall be substituted;

(iii) for sub-section (5) and the proviso, the following sub-section and provisos shall be substituted, namely:—

"(5) Every member of the Fund shall pay an annual subscription to the Fund on or before 30th June of every year at the following rates, as shown in the TABLE below, namely:—

TABLE

| *Sl. No.* | *Description* | *Rate (₹)* |
|---|---|---|
| (1) | (2) | (3) |
| 1 | Where the standing of the Advocate at the Bar is less than five years. | 1,000 |
| 2 | Where the standing of the Advocate at the Bar is five years and more, but less than 10 years. | 2,500 |
| 3 | Where the standing of the Advocate at the Bar is ten years and more, but less than fifteen years. | 4,000 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | |
|---|---|---|
| 4 | Where the standing of the Advocate at the Bar is fifteen years and more, but less than twenty years. | 4,500 |
| 5 | Where the standing of the Advocate at the Bar is twenty years and more, but less than twenty five years. | 5,000 |
| 6 | Where the standing of the Advocate at the Bar is twenty five years and more, but less than thirty years. | 5,500 |
| 7 | Where the standing of the Advocate at the Bar is thirty years or above. | 6,000 |

Provided that an Advocate designated as Senior Advocate under the Advocates Act, 1961 (Central Act 25 of 1961) shall pay an annual subscription to the Fund at the rate of rupees ten thousand:

Provided further that a member who has completed forty years of continuous membership in the Fund need not pay the annual subscription for the subsequent period if he continues in the membership.";

(iv) after sub-section (7), the following proviso and Explanation shall respectively be inserted, namely:—

"Provided that the Kerala Advocates' Welfare Fund Trustee Committee may exempt from payment of fine in case of extraordinary situation.

*Explanation:*—"Extraordinary Situation" means a situation wherein an epidemic or pandemic or a natural calamity has hit the whole of the State of Kerala or a part of the State as a result of which a lockdown or shut down at the National level or the State level is declared by the Central or the State Government and as such the courts are not functioning and the advocates fall into great distress.".

8. *Amendment of section 16.*—In section 16 of the principal Act,—

(i) in sub-section (1),—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(a) for the words and symbol, "rupees twenty-five thousand", and "rupees ten lakhs", the words "rupees fifty thousand" and "rupees twenty lakhs" shall, respectively, be substituted;

(b) after the existing provisos to sub-section (1), the following provisos shall, respectively, be inserted, namely:—

"Provided also that in cases other than death as provided under sub-section (2), the enhanced amount as per sub-section (1) shall be disbursed to a member at an increase of 20% over the benefits currently payable with effect from the date of commencement of the Kerala Advocates' Welfare Fund (Amendment) Act, 2026, and with a further increase of 20% on each year during the next four succeeding years:

Provided also that the members shall be eligible to claim a maximum amount of rupees twenty lakhs only:

Provided also that the Trustee Committee shall ensure that all disbursement of money from the Fund shall be incurred from the actual receipts credited to the Fund in each financial year.";

(ii) for sub-section (2), the following sub-section shall be substituted, namely:—

"(2) In the event of death of a member while in actual practice his nominee or where there is no such nominee the spouse, and in the absence of both nominee and spouse, the legal heirs, as the case may be, shall be entitled to receive from and out of the Fund an amount of ten lakhs rupees or at the rates specified in sub-section (1) for every completed year of practice with the maximum aggregate amount of twenty lakhs rupees whichever is higher.";

(iii) in sub-section (4), the second proviso shall be omitted.".

9. *Amendment of section 18.*—In clause (b) of section 18 of the principal Act, for the words "one lakh", the words "two lakhs" shall be substituted.

10. *Insertion of new section 18 A.*—After section 18 of the principal Act, the following section shall be inserted, namely:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

"18A. *Medical Insurance Scheme*.—The Kerala Advocates' Welfare Fund Trustee Committee may constitute a scheme for providing medical insurance to its members and family.".

11. *Amendment of section 22*.—In section 22 of the principal Act, for sub-section (1), the following sub-section shall be substituted, namely:—

"(1) The Bar Council shall cause to be printed and distributed welfare fund stamps of the value of one hundred rupees and two hundred rupees and advocate stipend stamps of the value of twenty five rupees and fifty rupees with the Bar Council Emblem and its value inscribed thereon.".

12. *Insertion of new section 22A*.—After section 22 of the principal Act, the following section shall be inserted, namely:—

"22A. *Appointment pay and service conditions of staff.*—The Advocates' Welfare Fund Trustee Committee shall have on its establishment, an Accountant and such other staff as may be decided from time to time and the scale of pay and conditions of service shall be prescribed by the Bar Council in consultation with the Government and shall be revised from time to time with the prior approval of the Government.".

13. *Amendment of section 23*.—In section 23 of the principal Act,—

(i) for sub-section (1) the following sub-section shall be substituted, namely:—

"(1) Every Vakalath filed by an advocate shall, in addition to the court fee stamp affixed thereon, be affixed with the welfare fund stamp of value of two hundred rupees in the case of Vakalath filed before the High Court and of the value of one hundred rupees in the case of Vakalath filed before Subordinate Courts, Tribunals and other authorities and advocate stipend stamp worth fifty rupees in Vakalaths filed before the High Court and twenty five rupees before the Subordinate Courts, Tribunals and other authorities. No Vakalath shall be valid unless it is so stamped:

Provided that nothing contained in this sub-section shall apply in respect of any memorandum of appearance filed by an advocate appearing on behalf of the Government:

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Provided further that no Court, Tribunal or other Authority shall receive any Vakalath filed by an advocate unless it is so stamped, and that any person found to be responsible for causing loss to the Fund may be held liable for making good such loss.

*Explanation*:—If three or more advocates jointly appear by a single Vakalath the maximum number of stamps that may be affixed thereon shall be three.";

(ii) after sub-section 3, the following sub-section shall be added, namely:—

"(4) The collection of value of the welfare fund stamps and advocate stipend stamps shall also be made by way of e-stamp by the Trustee Committee.".

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# കേരള സർക്കാർ

നിയമ (നിയമനിർമ്മാണം-എഫ്) വകുപ്പ്

## വിജ്ഞാപനം

നമ്പർ ലെഗ്. എഫ്1/8/2026/നിയമം.

*തിരുവനന്തപുരം, 2026 മാർച്ച് 9*
*1201 കുംഭം 25*
*1947 ഫാൽഗുനം 18.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2026 മാർച്ച് 7-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ജി. സനൽ കുമാർ,
*നിയമ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## 2026-ലെ 5-ാം ആക്റ്റ്

## 2026-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ആക്റ്റ്

1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റ്
വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റ് താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2026-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റിലെ (1980-ലെ 21) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ,—

(i) (ഇ) ഖണ്ഡത്തിന് ശേഷം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഇഎ) "ഇ-സ്റ്റാമ്പ്" എന്നാൽ കേരള ബാർ കൗൺസിൽ പുറത്തിറക്കുന്ന പരമ്പരാഗത സ്റ്റാമ്പുകൾക്ക് പകരം ഇലക്ട്രോണിക്കലായി നിർമ്മിച്ച ബദൽ;";

(ii) (ജെ) ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ജെ) "സ്റ്റാമ്പ്" എന്നാൽ 22-ാം വകുപ്പിൻ കീഴിൽ അച്ചടിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന ക്ഷേമനിധി സ്റ്റാമ്പും അഡ്വക്കേറ്റ് സ്റ്റൈപ്പന്റ് സ്റ്റാമ്പും എന്നർത്ഥ മാകുന്നതും അതിൽ ഇ-സ്റ്റാമ്പും ഉൾപ്പെടുന്നതുമാകുന്നു.".

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

3. 4-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 4-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പിൽ,—

(i) (സി) ഖണ്ഡത്തിൽ, "ഒരു അംഗം" എന്നീ വാക്കുകൾക്ക് പകരം "രണ്ട് അംഗങ്ങൾ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (എഫ്) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എഫ്) 11-ാം വകുപ്പു പ്രകാരം സർക്കാർ നിയമിക്കുന്ന ട്രസ്റ്റി കമ്മിറ്റിയുടെ സെക്രട്ടറി.".

4. 10-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 10-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിനു പകരം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) ട്രസ്റ്റി കമ്മിറ്റി, ഫണ്ടിന്റെ ഭാഗമായി തീരുന്ന എല്ലാ തുകയും വരുമാനങ്ങളും ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിൽ നിക്ഷേപിക്കുകയോ അല്ലെങ്കിൽ കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള ഏതെങ്കിലും കോർപ്പറേഷനിലെ വായ്പകളിലോ അല്ലെങ്കിൽ കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ വക വായ്പകളിലോ അല്ലെങ്കിൽ കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ ബോണ്ടുകളിലോ, അഭിഭാഷകർക്കായി രൂപീകരിച്ച പെൻഷനിലും മറ്റ് പദ്ധതികളിലുമോ ദേശസാൽകൃത ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ അല്ലെങ്കിൽ പൊതുമേഖലാ ഇൻഷുറൻസ് എന്നിവരുമായി സഹകരിച്ചുള്ള പെൻഷൻ പദ്ധതികൾ അല്ലെങ്കിൽ ദേശസാൽകൃത, ഷെഡ്യൂൾഡ് ബാങ്കുകൾ, ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ അല്ലെങ്കിൽ പൊതു ഇൻഷുറൻസ് കമ്പനികൾ നൽകുന്ന ആരോഗ്യ-മരണ ഇൻഷുറൻസ് പദ്ധതികൾ അല്ലെങ്കിൽ ബാർ കൗൺസിൽ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന മറ്റേതെങ്കിലും രീതിയിലോ സർക്കാരിന്റെ മുൻകൂർ അനുമതിയോടെ നിക്ഷേപിക്കേണ്ടതാണ്.".

5. 11-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 11-ാം വകുപ്പിൽ,—

(i) മാർജിനൽ ശീർഷകത്തിന് പകരം, താഴെപ്പറയുന്നവ ചേർക്കേണ്ടതാണ്, അതായത്:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

"<u>സെക്രട്ടറിയുടെ നിയമനവും അധികാരങ്ങളും ചുമതലകളും</u>.—";

(ii) നിലവിലുള്ള വകുപ്പ് (2)-ാം ഉപവകുപ്പായി പുനരക്കം ചെയ്യേണ്ടതും അപ്രകാരം പുനരക്കം ചെയ്ത ഉപവകുപ്പിന് മുമ്പായി താഴെപ്പറയുന്ന ഉപവകുപ്പ് (1)-ാം ഉപവകുപ്പായി ചേർക്കേണ്ടതുമാണ്, അതായത്:—

"(1) ഗവൺമെന്റിന്, നിയമ വകുപ്പിലെ, ഡെപ്യൂട്ടി സെക്രട്ടറി റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ, ട്രസ്റ്റി കമ്മിറ്റിയുടെ സെക്രട്ടറിയായി അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കാവുന്നതാണ്.".

6. <u>14-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 14-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ "അംഗങ്ങളുടെ" എന്ന വാക്കിന് പകരം "യഥാർത്ഥ പ്രാക്ടീസുള്ള അംഗങ്ങളുടെ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

7. <u>15-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 15-ാം വകുപ്പിൽ,—

(i) (1<u>ഇ</u>) ഉപവകുപ്പിന്റെ രണ്ടാം ക്ലിപ്തനിബന്ധനയ്ക്ക് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1<u>എഫ്</u>) ഫണ്ടിൽ അംഗമായ ഒരു അഭിഭാഷകന് ഫണ്ടിൽ ആദ്യം അംഗമാകുന്ന സമയത്ത് പ്രസക്തമായ തന്റെ മുൻകാല പ്രാക്ടീസ് കാലാവധിയ്ക്ക് ആനുപാതികമായി (5)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയ നിരക്കിൽ വാർഷിക വരിസംഖ്യയും യഥാർത്ഥ പ്രാക്ടീസ് പൂർത്തിയാക്കിയ ഓരോ വർഷത്തിനും രണ്ടായിരം രൂപ പിഴയും ഒടുക്കിക്കൊണ്ട്, ഫണ്ടിൽ അംഗമാകുന്ന സമയത്ത് പ്രസക്തമായ തന്റെ മുൻകാല പ്രാക്ടീസ് കാലാവധി കണക്കാക്കുന്നതിന്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിൽ ട്രസ്റ്റി കമ്മിറ്റിയ്ക്ക് അപേക്ഷ നൽകാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള അംഗത്തിന് ഫണ്ടിലേക്ക് അങ്ങനെ പ്രവേശനം ലഭിച്ച തീയതി മുതൽ പത്ത് വർഷക്കാലാവധിക്കുള്ളിൽ പ്രാക്റ്റീസ് സ്വമേധയാ അവസാനിപ്പിച്ചാൽ ഫണ്ടിൽ നിന്നും പ്രസ്തുത തുക ആവശ്യപ്പെടാൻ അർഹതയുണ്ടായിരിക്കുന്നതല്ലാത്തതുമാണ്:

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

എന്നുമാത്രമല്ല ഈ ഉപവകുപ്പ് പ്രകാരം മുൻകാല പ്രാക്ടീസ് കണക്കാക്കാൻ അനുവാദം ലഭിച്ച ഒരു അഭിഭാഷകന് അയാളുടെ യഥാർത്ഥ പ്രാക്ടീസിന്റെ പത്ത് വർഷം വരെ മാത്രമേ അവകാശപ്പെടാൻ യോഗ്യത ഉണ്ടായിരിക്കുകയുള്ളൂ.";

(ii) (3)-ാം ഉപവകുപ്പിൽ, "അഞ്ഞൂറ്"എന്ന വാക്കിന് പകരം "ആയിരം" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(iii) (5)-ാം ഉപവകുപ്പിനും ക്ലിപ്തനിബന്ധനക്കും പകരം താഴെപ്പറയുന്ന ഉപവകുപ്പും ക്ലിപ്തനിബന്ധനകളും ചേർക്കേണ്ടതാണ്, അതായത്:—

"(5) ഫണ്ടിലെ ഓരോ അംഗവും ഫണ്ടിലേക്കുള്ള വാർഷിക വരിസംഖ്യ എല്ലാ വർഷവും ജൂൺ 30-ാം തീയതിയിലോ അതിനുമുൻപോ താഴെപ്പറയുന്ന പട്ടികയിൽ കാണിച്ചിരിക്കുന്ന നിരക്കുകളിൽ നൽകേണ്ടതാണ്, അതായത്:—

പട്ടിക

| ക്രമ നമ്പർ | വിവരണം | നിരക്ക് *(₹)* |
|---|---|---|
| (1) | (2) | (3) |
| 1 | അഭിഭാഷകന്റെ ബാറിലെ സേവനകാലം അഞ്ച് വർഷത്തിൽ കുറവാണെങ്കിൽ | 1,000 |
| 2 | അഭിഭാഷകന്റെ ബാറിലെ സേവനകാലം അഞ്ചുവർഷവും അതിലധികവും എന്നാൽ പത്തുവർഷത്തിൽ കുറവും ആണെങ്കിൽ | 2,500 |
| 3 | അഭിഭാഷകന്റെ ബാറിലെ സേവനകാലം പത്തുവർഷവും അതിലധികവും എന്നാൽ പതിനഞ്ചുവർഷത്തിൽ കുറവും ആണെങ്കിൽ | 4,000 |
| 4 | അഭിഭാഷകന്റെ ബാറിലെ സേവനകാലം പതിനഞ്ചുവർഷവും അതിലധികവും എന്നാൽ ഇരുപത് വർഷത്തിൽ കുറവും ആണെങ്കിൽ | 4,500 |
| 5 | അഭിഭാഷകന്റെ ബാറിലെ സേവനകാലം ഇരുപത് വർഷവും അതിലധികവും എന്നാൽ | 5,000 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | |
|---|---|---|
| | ഇരുപത്തിയഞ്ച് വർഷത്തിൽ കുറവും ആണെങ്കിൽ | |
| 6 | അഭിഭാഷകന്റെ ബാറിലെ സേവനകാലം ഇരുപത്തിയഞ്ച് വർഷവും അതിലധികവും എന്നാൽ മുപ്പത് വർഷത്തിൽ കുറവും ആണെങ്കിൽ | 5,500 |
| 7 | അഭിഭാഷകന്റെ ബാറിലെ സേവനകാലം മുപ്പതുവർഷവും അതിലധികവും ആണെങ്കിൽ | 6,000 |

എന്നാൽ, 1961-ലെ അഭിഭാഷക ആക്റ്റ് (1961-ലെ 25-ാം കേന്ദ്ര ആക്റ്റ്) പ്രകാരം, സീനിയർ അഭിഭാഷകനായി പദവി നൽകപ്പെട്ടിട്ടുള്ള ഒരു അഭിഭാഷകൻ, ഫണ്ടിലേയ്ക്ക്, പതിനായിരം രൂപ നിരക്കിൽ വാർഷികവരിസംഖ്യ നൽകേണ്ടതാണ്:

എന്നാൽ, ഫണ്ടിൽ തുടർച്ചയായി നാൽപതു വർഷത്തെ അംഗത്വം പൂർത്തിയാക്കിയ ഒരു അംഗം, തന്റെ അംഗത്വം തുടരുകയാണെങ്കിൽ, തുടർന്നുള്ള അംഗത്വ കാലയളവിലേക്ക് വാർഷിക വരിസംഖ്യ അടയ്ക്കേണ്ടതില്ല.";

(iv) (7)-ാം ഉപവകുപ്പിനു ശേഷം, താഴെപ്പറയുന്ന ക്ലിപ്തനിബന്ധനയും വിശദീകരണവും യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, അസാധാരണമായ സാഹചര്യത്തിൽ കേരള അഭിഭാഷക ക്ഷേമനിധി ട്രസ്റ്റി കമ്മിറ്റിക്ക് പിഴ അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കാവുന്നതാണ്.

വിശദീകരണം:—"അസാധാരണ സാഹചര്യം" എന്നാൽ കേരള സംസ്ഥാനം മുഴുവനായോ സംസ്ഥാനത്തിന്റെ ഒരു ഭാഗത്തോ ഒരു പകർച്ചവ്യാധിയോ പാൻഡെമിക് അല്ലെങ്കിൽ പ്രകൃതി ദുരന്തമോ ബാധിച്ചതിന്റെ ഫലമായി കേന്ദ്രമോ കേരള സർക്കാരോ ദേശീയ തലത്തിലോ സംസ്ഥാന തലത്തിലോ ലോക്ക്ഡൗൺ അല്ലെങ്കിൽ അടച്ചുപൂട്ടൽ പ്രഖ്യാപിക്കുകയും കോടതികൾ പ്രവർത്തിക്കാതിരിക്കുകയും അഭിഭാഷകർ വലിയ ദുരിതത്തിലാകുകയും ചെയ്യുന്ന ഒരു സാഹചര്യം എന്നാണ് അർത്ഥമാക്കുന്നത്.".

8. <u>16-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 16-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ,—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(എ) "ഇരുപത്തി അയ്യായിരം രൂപ", "പത്ത് ലക്ഷം രൂപ" എന്നീ വാക്കുകൾക്ക് പകരം യഥാക്രമം "അൻപതിനായിരം രൂപ", "ഇരുപത് ലക്ഷം രൂപ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (1)-ാം ഉപവകുപ്പിൽ നിലവിലുള്ള ക്ലിപ്ത നിബന്ധനകൾക്കു ശേഷം, ഇനി പറയുന്ന ക്ലിപ്ത നിബന്ധനകൾ കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"എന്നു തന്നെയുമല്ല, (2)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള മരണം ഒഴികെയുള്ള സംഗതികളിൽ, (1)-ാം ഉപവകുപ്പ് പ്രകാരം വർദ്ധിപ്പിച്ച തുക, 2026-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ നിലവിൽ നൽകേണ്ട ആനുകൂല്യങ്ങളേക്കാൾ 20% വർദ്ധനവോടെയും തുടർന്നുള്ള നാല് വർഷങ്ങളിൽ ഓരോ വർഷവും 20% വർദ്ധനവോടെയും അംഗത്തിന് വിതരണം ചെയ്യേണ്ടതാണ്:

എന്നു തന്നെയുമല്ല, അംഗങ്ങൾക്ക് പരമാവധി ഇരുപത് ലക്ഷം രൂപ മാത്രമേ അവകാശപ്പെടാൻ അർഹതയുള്ളൂ:

എന്നു തന്നെയുമല്ല, ഫണ്ടിൽ നിന്നുള്ള പണത്തിന്റെ എല്ലാ വ്യയവും ഓരോ സാമ്പത്തിക വർഷത്തിലും ഫണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടുന്ന യഥാർത്ഥ വരവുകളിൽ നിന്നാണെന്ന് ട്രസ്റ്റി കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.";

(ii) (2)-ാം ഉപവകുപ്പിന് പകരം ഇനിപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) യഥാർത്ഥ പ്രാക്ടീസ് തുടരുന്ന സമയത്ത് ഒരംഗം മരണപ്പെടുന്ന സംഗതിയിൽ, അയാൾ നാമനിർദ്ദേശം ചെയ്യുന്ന ആളിനോ അപ്രകാരം നാമനിർദ്ദേശം ചെയ്ത ആൾ ഇല്ലായെങ്കിൽ ജീവിതപങ്കാളിക്കോ അപ്രകാരം നാമനിർദ്ദേശം ചെയ്ത ആളോ ജീവിതപങ്കാളിയോ ഇല്ലായെങ്കിൽ നിയമാനുസൃതമായ അവകാശികൾക്കോ, അതതു സംഗതിപോലെ, പത്ത് ലക്ഷം രൂപ അല്ലെങ്കിൽ പ്രാക്ടീസ് പൂർത്തിയാക്കുന്ന ഓരോ വർഷത്തിനും (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന നിരക്കിൽ പരമാവധി മൊത്തം ഇരുപത് ലക്ഷം രൂപ, ഇതിൽ ഏതാണോ കൂടുതൽ അത്, നിധിയിൽ നിന്നും കൈപ്പറ്റാൻ അർഹതയുണ്ടായിരിക്കുന്നതാണ്.";

(iii) (4)-ാം ഉപവകുപ്പിൽ, രണ്ടാം ക്ലിപ്തനിബന്ധന വിട്ടുകളയേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

9. 18-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 18-ാം വകുപ്പിന്റെ (ബി) ഖണ്ഡത്തിൽ, "ഒരു ലക്ഷം" എന്നീ വാക്കുകൾക്ക് പകരം "രണ്ട് ലക്ഷം" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

10. 18എ എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കൽ.—പ്രധാന ആക്റ്റിലെ 18-ാം വകുപ്പിനു ശേഷം ഇനിപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"18എ. മെഡിക്കൽ ഇൻഷുറൻസ് സ്കീം.—കേരള അഭിഭാഷക ക്ഷേമനിധി ട്രസ്റ്റി കമ്മിറ്റിക്ക് അതിലെ അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും മെഡിക്കൽ ഇൻഷുറൻസ് നൽകുന്നതിനുള്ള ഒരു പദ്ധതി രൂപീകരിക്കാവുന്നതാണ്.".

11. 22-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 22-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിന് പകരം ഇനിപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) ബാർ കൗൺസിൽ നൂറ് രൂപയുടെയും ഇരുന്നൂറ് രൂപയുടെയും മൂല്യമുള്ള ക്ഷേമനിധി സ്റ്റാമ്പുകളും ഇരുപത്തഞ്ച് രൂപയുടെയും അൻപത് രൂപയുടെയും മൂല്യമുള്ള അഡ്വക്കേറ്റ് സ്റ്റൈപ്പന്റ് സ്റ്റാമ്പുകളും ബാർ കൗൺസിൽ മുദ്രയോടും അതിൻമേൽ അതിന്റെ മൂല്യം പതിച്ചു കൊണ്ടും അച്ചടിപ്പിക്കുകയും വിതരണം ചെയ്യിക്കുകയും ചെയ്യേണ്ടതാണ്.".

12. 22എ എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കൽ.—പ്രധാന ആക്റ്റിലെ 22-ാം വകുപ്പിനു ശേഷം ഇനിപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"22എ. ജീവനക്കാരുടെ നിയമനവും, ശമ്പളവും, സേവന വ്യവസ്ഥകളും.—അഭിഭാഷക ക്ഷേമനിധി ട്രസ്റ്റി കമ്മിറ്റിയ്ക്ക് ഒരു അക്കൗണ്ടന്റും കാലാകാലങ്ങളിൽ തീരുമാനിക്കുന്ന അങ്ങനെയുള്ള മറ്റ് ജീവനക്കാരും ഉണ്ടായിരിക്കേണ്ടതും, അവരുടെ ശമ്പള സ്കെയിലും സേവന വ്യവസ്ഥകളും സർക്കാരുമായി കൂടിയാലോചിച്ച് നിർണ്ണയിക്കപ്പെടേണ്ടതും സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ കാലാകാലങ്ങളിൽ പരിഷ്കരിക്കേണ്ടതുമാണ്.".

13. 23-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 23-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) ഒരു അഭിഭാഷകൻ ഫയൽ ചെയ്യുന്ന ഓരോ വക്കാലത്തിലും അതിൻമേൽ പതിച്ചിട്ടുള്ള കോർട്ട് ഫീസ് സ്റ്റാമ്പിന് പുറമേ, ഹൈക്കോടതി മുമ്പാകെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫയൽ ചെയ്യുന്ന വക്കാലത്തിന്റെ സംഗതിയിൽ ഇരുന്നൂറ് രൂപ മൂല്യമുള്ളതും കീഴ്കോടതികളുടെയും ട്രിബ്യൂണലുകളുടെയും മറ്റ് അധികാര സ്ഥാനങ്ങളുടെയും മുമ്പാകെ ഫയൽ ചെയ്യുന്ന വക്കാലത്തിന്റെ സംഗതിയിൽ നൂറ് രൂപ മൂല്യമുള്ളതുമായ ക്ഷേമനിധി സ്റ്റാമ്പും, ഹൈക്കോടതിയിൽ ഫയൽ ചെയ്യുന്ന വക്കാലത്തിന്റെ സംഗതിയിൽ അൻപത് രൂപ മൂല്യമുള്ളതും കീഴ്കോടതികളിലും ട്രിബ്യൂണലുകളിലും മറ്റ് അധികാര സ്ഥാനങ്ങളിലും മുമ്പാകെ ഫയൽ ചെയ്യുന്ന സംഗതിയിൽ ഇരുപത്തിയഞ്ച് രൂപയുടെയും അഭിഭാഷക സ്റ്റൈപ്പന്റ് സ്റ്റാമ്പും പതിച്ചിരിക്കേണ്ടതാണ്. അപ്രകാരം സ്റ്റാമ്പ് പതിച്ചിട്ടില്ലാത്ത യാതൊരു വക്കാലത്തും സാധുവായിരിക്കുന്നതല്ലാത്തതുമാകുന്നു:

എന്നാൽ ഗവൺമെന്റിനു വേണ്ടി ഹാജരാകുന്ന ഒരു അഭിഭാഷകൻ ഫയൽ ചെയ്യുന്ന യാതൊരു അപ്പിയറൻസ് മെമ്മോറാണ്ടത്തെ സംബന്ധിച്ചും ഈ ഉപവകുപ്പിൽ അടങ്ങിയ യാതൊന്നും ബാധകമാകുന്നതല്ല:

എന്നുമാത്രമല്ല, ഒരു അഭിഭാഷകൻ ഫയൽ ചെയ്യുന്ന ഏതൊരു വക്കാലത്തും, അങ്ങനെ മുദ്ര പതിപ്പിച്ചിട്ടില്ലെങ്കിൽ, ഒരു കോടതിയോ, ട്രിബ്യൂണലോ അല്ലെങ്കിൽ മറ്റ് അധികാരസ്ഥാനമോ സ്വീകരിക്കാൻ പാടില്ലാത്തതും, ഫണ്ടിന് നഷ്ടം വരുത്തിയതിന് ഉത്തരവാദിയാണെന്ന് കണ്ടെത്തുന്ന ഏതൊരു വ്യക്തിയെയും അത്തരം നഷ്ടം നികത്തുന്നതിന് ബാധ്യസ്ഥനാക്കാവുന്നതുമാണ്.

വിശദീകരണം:—ഒരു വക്കാലത്തുമൂലം മൂന്നോ അതിലധികമോ അഭിഭാഷകർ കൂട്ടായി ഹാജരാകുകയാണെങ്കിൽ അതിൻമേൽ ഒട്ടിക്കാവുന്ന സ്റ്റാമ്പുകളുടെ ഏറ്റവും കൂടിയ എണ്ണം മൂന്നായിരിക്കുന്നതാണ്.";

(ii) (3)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) ട്രസ്റ്റി കമ്മിറ്റിക്ക്, ക്ഷേമനിധി സ്റ്റാമ്പുകളുടെയും അഭിഭാഷക സ്റ്റൈപ്പൻഡ് സ്റ്റാമ്പുകളുടെയും വില, ഇ-സ്റ്റാമ്പ് വഴിയും ശേഖരിക്കാവുന്നതാണ്.".

(ശരിത്തർജ്ജമ)

ബിന്ദു സി.,
*നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.03.10 10:13:07 +05:30